നം.സി3/37012/റ്റി.സി/2002

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ് , തിരുവനന്തപുരം.
തീയതി : 17.02.2010

പ്രേക്ഷിതൻ
ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്
എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ

വിഷയം :- മോട്ടോർ വാഹന വകുപ്പ് – ഭരണ ഭാഷ മലയാളമാക്കൽ - നിർദ്ദേശങ്ങൾ നൽകുന്നത് – സംബന്ധിച്ച്

സൂചന :- സർക്കാർ കത്ത് നമ്പർ 9678/ഔ.ഭാ.3/09/ ഉഭപവ തീയതി 14.12.2009

കേരള സർക്കാർ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിന്റെ 22.09.1998-ലെ സർക്കുലർ പ്രകാരം ഔദ്യോഗിക ഭാഷ മലയാളമാക്കികൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള വകുപ്പുകൾ എല്ലാം തന്നെ മലയാള ഭാഷയിൽതന്നെ ഫയലുകൾ കൈകാര്യം ചെയ്യണമെന്നും, കത്തിടപാടുകൾ നടത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മലയാള ഭാഷ ഔദ്യോഗിക ഭാഷയായി അംഗീകരിച്ചിട്ടുള്ള മോട്ടോർ വാഹനവകുപ്പിനു കീഴിലുള്ള പല ഓഫീസുകളിലും കാലകാലങ്ങളിൽ ഈ ഓഫീസുകളിൽ നിന്നും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ചുകാണുന്നില്ല എന്നും ആയതിനാൽ മോട്ടോർ വാഹനവകുപ്പിനു കീഴിലുള്ള എല്ലാ ഓഫീസർമാരും താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും അറിയിക്കുന്നു.

1. പൊതുജനങ്ങളിൽ നിന്നും മലയാളത്തിൽ ലഭിക്കുന്ന കത്തുകൾക്കും മറ്റും മലയാളത്തിൽ തന്നെ മറുപടി നൽകണം. അതുപോലെ മറ്റ് ഓഫീസുകളിൽ നിന്നും മലയാളത്തിൽ ലഭിക്കുന്ന കത്തുകൾക്ക് മലയാളത്തിൽ തന്നെ മറുപടി നൽകണം.
2. സർക്കാർ ഓഫീസുകളുടേയും ഓഫീസർമാരുടേയും പേരു വിവരങ്ങൾ ഇംഗ്ലീഷിൽ എഴുതുന്നതോടൊപ്പം മലയാളത്തിലും എഴുതേണ്ടതാണ്. വാഹനങ്ങളിൽ വകുപ്പിന്റെ പേര് മലയാളത്തിൽ എഴുതിയിരിക്കണം.
3. ഓഫീസുകളിൽ പൊതുജനങ്ങൾക്കായി "മലയാളം നമ്മുടെ ഭാഷ, ഹർജികളും നിർദ്ദേശങ്ങളും മലയാളത്തിലാണ് നൽകേണ്ടത്" എന്ന ബോർഡ് വയ്ക്കേണ്ടതാണ്.
4. ഫയലുകൾ കഴിയുന്നതും മലയാളത്തിൽ തന്നെ കൈകാര്യം ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ

ഒപ്പ്
സീനിയർ ഡി.റ്റി.സി (ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

അംഗീകാരത്തോടെ
സീനിയർ സൂപ്രണ്ട്
17/02/2010

ചാർജ് :- എല്ലാ സെക്ഷനും സെക്ഷൻ ഫോറിനും നിർദ്ദേശങ്ങൾ പാലിക്കുന്നതിനായി.